ഉത്തരം

ഒ.ഇ.സി.എഫ്. (ഇപ്പോൾ ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ) പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരത്തിലും 15 പഞ്ചായത്തുകളിലും ശുദ്ധജലവിതരണം നടത്തുന്നതിനായി സ്ഥലമെടുക്കുന്ന പ്രവർത്തനങ്ങൾ 1997-ൽ തന്നെ നടപടികൾ സ്വീകരിച്ചു. സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നു.

ശുദ്ധജലവിതരണം

49 (2622) ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കേരളാദിത്യപുരം, പാറോട്ടുകോണം, ഇടവക്കോട് വഴി ശ്രീകാര്യം ജംങ്ഷനിൽ കൂടി മൺവിള വരെ പോകുന്ന പൈപ്പ് ലൈനിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് എന്നത്തേയ്ക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ലൈനിന്റെ പ്രയോജനം ജല ദൗർലഭ്യമുള്ള ശ്രീകാര്യം, ഉള്ളൂർ, പോങ്ങുംമൂട്, അലത്തറ തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ലഭ്യമാക്കുമോ ;

(സി) എങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പൈപ്പ് ലൈൻ 2000 മാർച്ച് അവസാനത്തോടെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ലഭ്യമാകും.

(സി) പ്രസ്തുത പൈപ്പ് ലൈൻ കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്ന 2000 മാർച്ച് അവസാനത്തോടെ ഇതിന്റെ പ്രയോജനം ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

ഭൂഗർഭ ജലത്തിന്റെ ശോഷണം

50 (2625) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂഗർഭജലത്തിന്റെ അളവ് കുറഞ്ഞുവരുന്നുണ്ടോ ;

(ബി) എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിന് ഏത് വിധത്തിൽ പരിഹാരം കാണുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly